# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ:77 — 20.03.2013 - ൽ മറുപടിക്ക്

## തിരുവനന്തപുരം നഗരത്തിൽ അടിക്കടിയുണ്ടാകുന്ന ശുദ്ധജല വിതരണ തടസ്സം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വി. ശിവൻകുട്ടി<br>ശ്രീ. എം. എ. ബേബി<br>ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ<br>ശ്രീ. ബി. സത്യൻ | പി ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) തിരുവനന്തപുരം നഗരത്തിൽ അടിക്കടി ശുദ്ധജല വിതരണ പൈപ്പുകൾ പൊട്ടുന്നതിനെ ക്കുറിച്ച് അന്വേഷണം നടത്തി യിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത അന്വേഷണത്തിന്റെ വിശദാംശം ലഭ്യമാക്കുമോ; | (എ) അടിക്കടി പൈപ്പുലൈനുകൾ പൊട്ടുന്നതിനെ സംബന്ധിച്ച് സർക്കാർ തല അന്വേഷണ ത്തിന് കമ്മിറ്റിയെ നിയമിച്ചിട്ടുണ്ട്. ആയ തിന്റെ റിപ്പോർട്ട് ലഭ്യമായിട്ടില്ല. വകുപ്പുതല പരിശോധനയിൽ ഈ ഡിവിഷനുകളിലെ പൈപ്പുകളുടെ പൊട്ടൽ കൂടുതലും കോൺക്രീറ്റ് പൈപ്പിലാണെന്ന് കണ്ടെത്തിയി ട്ടുണ്ട്. ഈ പൈപ്പുകളുടെ കാലപ്പഴക്കം കാരണമാണ് അടിക്കടി പൊട്ടുന്നത്. ഇതുമായി ബന്ധപ്പെട്ട അന്വേഷണത്തിന്റെ വിശദാംശങ്ങൾ ഇപ്പോൾ ലഭ്യമല്ല. |
| (ബി) പ്രസ്തുത അവസരങ്ങളിൽ ജലവിതരണം പുനഃസ്ഥാപി ക്കുന്നതിലുണ്ടായ കാലതാമ സത്തിനു കാരണം ജലഅതോ റിറ്റിയുടെ വീഴ്ചയാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടു ണ്ടോ; ഇക്കാര്യത്തിൽ എന്തൊക്കെ അടിയന്തിര നടപ ടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കുമോ; | (ബി) പ്രധാന പൈപ്പുലൈനുകളിലുള്ള ചോർച്ച യുദ്ധകാലാടിസ്ഥാനത്തിൽ മനുഷ്യ സാധ്യ മായ പരമാവധി വേഗത്തിലാണ് നടത്തി വരുന്നത്. ഈ പ്രവൃത്തി പൂർത്തീകരിക്കാ നുള്ള സ്വാഭാവിക സമയം മാത്രമേ ഇക്കാര്യത്തിൽ എടുക്കാറുള്ളൂ. |
| (സി) പ്രസ്തുത വിഷയത്തിൽ സ്വീ കരിച്ച ബദൽ സംവിധാനങ്ങൾ എന്തൊക്കെയായിരുന്നെന്ന് വിശദമാക്കുമോ; ആയതി നായി എന്തു തുക ചെലവായി എന്നറിയിക്കുമോ? | (സി) അടിയന്തിരഘട്ടം നേരിടുന്നതിനായി വാട്ടർ അതോറിറ്റിയുടെ ടാങ്കർ ഉപയോഗിച്ച് ജലവിതരണം നടത്താറുണ്ട്. തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ ജില്ലാ ഭരണകൂടം മുഖാന്തിരം അടിയന്തിര ഘട്ടങ്ങളിൽ ടാങ്കർ ലോറികളിൽ ജലവിതരണം നടത്തുന്നതിന് വാട്ടർ അതോറിറ്റി ശുദ്ധജലം സൗജന്യമായി നൽകിവരുന്നു. 25.02.2013 മുതൽ 28.02.2013 വരെ ഉണ്ടായ അടിയന്തിരഘട്ടവുമായി ബന്ധപ്പെട്ട് ശുദ്ധജലവിതരണം നടത്തിയ ഇനത്തിൽ കേരള വാട്ടർ അതോറിറ്റിക്ക് 2,26,800/- രൂപ ചെലവ് വന്നിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ